## 1178

അദ്ധ്വാനിക്കും - സ്നേഹിതരെ ഭാരം ചുമപ്പവരെ

1 ആശ്വാസം നിങ്ങൾക്കിങ്ങേകിടുവാനായ് രക്ഷകനേശു വിളിച്ചിടുന്നു
ആശയോടേശുവിൻ ചാരേ വരൂ ആശ്വാസം നൽകുമവൻ-

2 നിങ്ങൾ തൻക്ലേശങ്ങളേതാകിലും പാപമോ രോഗമോ മറ്റെന്താകിലും
വിശ്വാസത്തോടെ കടന്നുവരൂ ക്ലേശങ്ങൾ നീക്കുമവൻ-

3 നന്മ ചെയ്‌വാൻ നിങ്ങൾക്കാശയുണ്ടെങ്കിലും തിന്മയതല്ലോ ചെയ്‌തിടുന്നു
പാപമതിന്നുടെ കാരണമെ പാപത്തെ നീക്കുമവൻ-

4 വ്യർത്ഥവിചാരത്തിൽ വീണുലയാതെ കർത്തനാമേശുവിലാശ്രയിപ്പിൻ
നിത്യനിരാമയ സ്വർഗ്ഗസുഖം നിശ്ചയം നൽകുമവൻ-

5 ഇതു സുപ്രസാദ ദിനം പ്രിയരെ ഇതുതന്നെ കരുണാസമയം
കാൽവറിയിൽ പൂർത്തിയാക്കിയതാം രക്ഷയ്ക്കായ് വന്നിടുക-